(ജി) സംസ്ഥാനത്ത് നെൽപ്പാടങ്ങൾ നികത്തുന്നത് തടയാൻ പുതിയ നിയമനിർമ്മാണം ആവശ്യമെന്ന നിയമസഭയുടെ വിഷയ നിർണ്ണയ സമിതിയുടെ ശുപാർശയിൻമേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ)-(ജി) സംസ്ഥാനത്തെ നെൽവയലുകളുടെ വിസ്തൃതിയിൽ കുറവുണ്ടാകുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം നെൽവയലുകൾ നികത്തുകയും പരിവർത്തനം ചെയ്യുകയോ ചെയ്യുന്ന കാര്യത്തിൽ കർക്കശമായ നയമാണ് കൈക്കൊണ്ടുവരുന്നത്. നെൽവയലുകൾ നികത്തുവാനോ പരിവർത്തനം ചെയ്യുവാനോ ഒരു ഉത്തരവും കൃഷിവകുപ്പിൽനിന്നും നൽകിയിട്ടില്ല. ഇത്തരം പ്രവർത്തനങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോഴെല്ലാം ജില്ലാ കളക്ടർമാർ മുഖേന ഭൂവിനിയോഗ നിയമത്തിന്റെ അടിസ്ഥാനത്തിൽ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിയമസഭയുടെ ഒന്നാംനമ്പർ വിഷയ നിർണ്ണയ സമിതി തെളിവെടുപ്പ് ഉൾപ്പെടെ പരിശോധന നടത്തി ഭൂവിനിയോഗ നിയമത്തിൽ വരുത്തേണ്ട ഭേദഗതികൾ നിർദ്ദേശിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് ഗവൺമെന്റ് പരിശോധിച്ചുവരുന്നു.

14 (*268) ലോട്ടറി നിരോധനം

ശ്രീ. സത്യൻ മൊകേരി :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. ജോസ് ബേബി :
ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോട്ടറി വിൽപ്പന നിരോധിക്കാനുള്ള നടപടികളുടെ പരിധിയിൽ കേരളത്തേയും ഉൾപ്പെടുത്തുമെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം എന്താണെന്നു വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഉണ്ട്

(ബി) കേരളം പോലുള്ള സംസ്ഥാനങ്ങൾ നേരിട്ട് സുപ്രീംകോടതി 21.4.94-ൽ നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി, നടത്തപ്പെടുന്ന ഭാഗ്യക്കുറികൾ നിരോധിക്കരുത് എന്നുള്ളതാണ് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം.

15 (*269) അധികവിഭവ സമാഹരണം

ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ആന്റണി രാജു :
ഡോ. കെ.സി. ജോസഫ് :
ശ്രീ. ടി.എസ്. ജോൺ :
ശ്രീ. പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly